## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

17.06.2013-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .1759

## <u>പുതിയ ഫിഷിംഗ് ഹാർബർ</u>

ചോദ്യം | മറുപടി

| | | | |
|---|---|---|---|
| | ശ്രീ. റ്റി. എൻ. പ്രതാപൻ<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" വി. പി. സജീന്ദ്രൻ<br>" കെ. അച്ചുതൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് പുതിയ ഫിഷിംഗ് ഹാർബറുകൾക്ക് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ വലിയതുറയിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനായി 6144 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് 75% CSS Scheme-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിലെ പൂന്തുറ, വർക്കല ചിലക്കൂർ കൊല്ലം ജില്ലയിലെ സൗത്ത് പരവൂർ, ആലപ്പുഴ ജില്ലയിൽ തൃക്കുന്നപ്പുഴ, പുന്നപ്ര, മലപ്പുറം ജില്ലയിൽ പരപ്പനങ്ങാടി, കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി, കാസർഗോഡ് ജില്ലയിൽ അജാനൂർ കടപ്പുറം എന്നീ 8 പ്രദേശങ്ങളിലായി അന്വേഷണ ഗവേഷണ പ്രവൃത്തികൾ നടത്തുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ സുരക്ഷയ്ക്കായി ശാന്തമായ ഹാർബർ ബേസിനുകൾ രൂപപ്പെടുത്തുക, തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുക, അധിക മത്സ്യസമ്പത്ത് ലഭ്യമാക്കുക വഴി വിദേശ നാണ്യം ലഭ്യമാക്കുക, മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുക എന്നിവയാണ് ഫിഷിംഗ് ഹാർബറുകളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) | അന്വേഷണ ഗവേഷണ പ്രവൃത്തികൾ പൂർത്തിയായാൽ CWPRS, Pune/IIT എന്നീ സ്ഥാപനങ്ങൾ മുഖാന്തിരം മാതൃകാപഠനം, കേന്ദ്ര സർക്കാരിന്റെ അംഗീകൃത ഏജൻസി മുഖാന്തിരം പരിസ്ഥിതി ആഘാത പഠനം എന്നിവ നടത്തുന്നതാണ്. CRZ സ്റ്റാറ്റസ് റിപ്പോർട്ട് സെസ്സിൽ നിന്ന് ലഭ്യമാകും. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സമ്മതപത്രം ലഭ്യമാക്കണം. പ്രതിവർഷ മത്സ്യ സമ്പത്ത് 10,000 ടണ്ണിൽ കുറവാണെങ്കിൽ കേരള കോസ്റ്റൽ സോൺ |

| | | | |
|---|---|---|---|
| | | | മാനേജ്മെന്റ് അതോറിറ്റി (KCZMA)യിൽ നിന്ന് CRZ ക്ലിയറൻസ് ലഭ്യമാക്കണം. പ്രതിവർഷ മത്സ്യസമ്പത്ത് 10,000 ടണ്ണിൽ കൂടുതലാണെങ്കിൽ സ്റ്റേറ്റ് എൻവയോൺമെന്റൽ ഇംപാക്ട് അസെസ്സ്മെന്റ് അതോറിറ്റി (SEIAA) യിൽ നിന്ന് EIA ക്ലിയറൻസ് ലഭ്യമാക്കണം. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (ഡി) | വലിയതുറ മത്സ്യബന്ധന തുറമുഖത്തിന്റെ പദ്ധതി രൂപരേഖ കേന്ദ്ര സ്ഥാപനമായ CICEF (Central Institute for Coastal Engineering for Fishery) പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചത് പ്രകാരം പുതുക്കി തയ്യാറാക്കി വരുന്നു. പരിസ്ഥിതി ആഘാത പഠനം പുരോഗമിച്ചു വരുന്നു. CESS-ൽ നിന്നും CRZ സ്റ്റാറ്റസ് റിപ്പോർട്ടും ലഭിച്ചിട്ടുണ്ട്. പൂന്തുറ മത്സ്യബന്ധന തുറമുഖത്തിന്റെ അന്വേഷണ ഗവേഷണ പഠനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. മാതൃകാ പഠനം അവസാനഘട്ടത്തിലാണ്. വർക്കല ചിലക്കൂർ മത്സ്യബന്ധന തുറമുഖത്തിന്റെ അന്വേഷണ ഗവേഷണ പഠനങ്ങളും മാതൃകാപഠനവും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൊല്ലം ജില്ലയിലെ സൗത്ത് പരവൂർ, ആലപ്പുഴ ജില്ലയിലെ പുന്നപ്ര, എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ അന്വേഷണ ഗവേഷണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ മത്സ്യബന്ധന തുറമുഖത്തിന്റെ അന്വേഷണ ഗവേഷണ പ്രവൃത്തികൾ ആരംഭിച്ചു.മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ അന്വേഷണ ഗവേഷണ പഠനം, മാതൃകാപഠനം എന്നിവ പൂർത്തീകരിച്ചു. CESS-ൽ നിന്നും CRZ സ്റ്റാറ്റസ് റിപ്പോർട്ടും ലഭ്യമായിട്ടുണ്ട്. പരിസ്ഥിതി ആഘാത പഠനം പൂർത്തീകരിച്ചു, എങ്കിലും കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിരുന്ന അംഗീകൃത ഏജൻസി മുഖാന്തിരം, നടത്തുന്നതിനുള്ള പുതുക്കിയ ഭരണാനുമതി നൽകുന്നത് |
| | | | സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു. കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി, കാസർഗോഡ് ജില്ലയിൽ അജാനൂർ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ അന്വേഷണ ഗവേഷണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.<br>അന്വേഷണ ഗവേഷണ പ്രവൃത്തികൾ പൂർത്തിയായാൽ മാത്രമെ പദ്ധതി രൂപരേഖ തയ്യാറാക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ